**മെക്കനൈസ് ചെയ്ത ജംഗാറുകൾ**

76 [3940] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പുളിങ്കുന്ന്, കാവാലം കടവുകളിൽ സ്ഥാപിക്കുന്നതിനായി രണ്ട് മെക്കനൈസ് ചെയ്ത ജംഗാറുകൾ നിർമ്മിക്കുന്നതിന് മെക്കാനിക്കൽ വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ജംഗാറുകൾ നിർമ്മാണം പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ ആവശ്യത്തിലേക്ക് ഇതിനകം എന്തു തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത ജംഗാറുകളുടെ പണി അടിയന്തിരമായി പൂർത്തീകരിച്ച് പ്രവർത്തിപഥത്തിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) ഉണ്ട്. 16-1-1999-ൽ

(ബി) ഇല്ല.

(സി) ആറുമാസക്കാലാവധി നിജപ്പെടുത്തി രണ്ട് ജംഗാറുകളുടെയും പണി പൂർത്തിയാക്കുന്നതിനാണ് കരാർ നൽകിയത്. പണിക്ക് ഏഴ് സ്റ്റേജ് പേമെന്റ് നിശ്ചയിച്ചിരുന്നു. ഫണ്ടിന്റെ അപര്യാപ്തതമൂലം പൂർത്തീകരിച്ച പണികൾക്ക് പേമെന്റ് നൽകാൻ താമസം നേരിട്ടിരുന്നു. അടങ്കൽ തുകയിൽ വർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. പ്രസ്തുത കേസിൽ ഇനിയും തീരുമാനമാകേണ്ടതായിട്ടുണ്ട്. നിരവധി തവണ സമയം നീട്ടിക്കൊടുത്തിട്ടും കരാറുകാരൻ പണി പൂർത്തിയാക്കിയിട്ടില്ല.

(ഡി) 61,49,976 രൂപ

(ഇ) ജംഗാറുകളുടെ പണി മെക്കാനിക്കൽ വിഭാഗത്തെ ഏൽപ്പിച്ചിട്ടുള്ളത് പൊതുമരാമത്ത് വകുപ്പാണ്. ബഹു. ഹൈക്കോടതിയിൽ കരാറുകാരൻ ഫയൽ ചെയ്തിരിക്കുന്ന ഡബ്ലിയു. പി. (സി) നമ്പർ 36602/2004-ാം നമ്പർ കേസിന്റെ തീർപ്പിന് വിധേയമായി, കരാറുകാരന്റെ ആവശ്യങ്ങൾ പരിശോധിച്ച്, ജംഗാറുകളുടെ പണിപൂർത്തിയാക്കുന്നതിനുള്ള നടപടി പൊതുമരാമത്ത് വകുപ്പുമായി ആലോചിച്ച് മെക്കാനിക്കൽ ചീഫ് എഞ്ചിനീയർ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly